ഉത്തരം

(എ&ബി) ശ്മശാന നവീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന തുക ട്രഷറിയിൽ നിന്നും മാറുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനെത്തുടർന്ന് നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

വായ്പകൾക്ക് കടാശ്വാസം

220 (6925) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായവർ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ് കടാശ്വാസ പദ്ധതി അനുവദിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ അംഗീകൃത ധനകാര്യസ്ഥാപനങ്ങളിൽനിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പാ കുടിശ്ശികയിൻമേൽ സർക്കാരിന് ഏറ്റെടുക്കാവുന്ന ബാദ്ധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പത്തുകയുടെ പരിധിയും 12-11-2009-ലെ ജി.ഒ.(പി) നമ്പർ100/09/പജ.പവ.വിവ. എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 25000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ച് 10-12-2013-ലെ സ.ഉ.(അച്ചടി) നമ്പർ99/2013/പജ.പവ.വിവ. ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന മേൽ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 100000 (ഒരു ലക്ഷം രൂപ)വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly